**പ്രത്യേക പരാമർശം**

മി. സ്പീക്കർ: ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ ദുരന്തമാണ് ഉത്തരാഖണ്ഡിൽ നടന്നത്. 'ഹിമാലയൻ സുനാമി' എന്നനിലയിൽ സംഭവിച്ച കലിതുള്ളിയ പേമാരി ഇനിയും ശമിച്ചിട്ടില്ല. ലക്ഷക്കണക്കിന് ജനങ്ങളാണ് ഇതിന്റെ ദുരന്തം അനുഭവിക്കുന്നത്. ഉത്തരാഖണ്ഡിലെ കേദാർനാഥ് മലമടക്കുകളിൽ കുടുങ്ങി ഇനിയും രക്ഷപ്പെടാൻ അനേകർ കഴിയുകയാണ്. മനുഷ്യസാധ്യമായ എല്ലാ രക്ഷാപ്രവർത്തനങ്ങളും അവിടെ നടത്തുന്നുണ്ടെന്നാണ് നാം അറിയുന്നത്. പ്രളയവും മഴയും പ്രതികൂലമായ കാലാവസ്ഥയും പ്രദേശങ്ങളുടെ ദുരൂഹതയും രക്ഷാപ്രവർത്തനങ്ങളെ തോൽപ്പിക്കുന്നതാണ്. എന്തായാലും നമ്മുടെ ഭടന്മാരും മറ്റ് രക്ഷാപ്രവർത്തകരും വളരെ ആത്മാർത്ഥമായ, സാഹസികമായ പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്. അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാ വിജയവും ആശംസിക്കാം. പ്രളയമേഖല, വീണ്ടും പഴയതുപോലെയാകണമെങ്കിൽ, ഇനിയും എത്രയോ കാലം അതിവിപുലമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. പരിസ്ഥിതി നശീകരണത്തിന്റെ ദുഷ്ഫലമാണ് ഈ ദുരന്തം എന്ന സത്യവും നാം ഓർക്കേണ്ടതുണ്ട്. ഇനിയും പൂർത്തിയാകാത്ത രക്ഷാപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ആയിരങ്ങളുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. സഭയുടെ അനുശോചനം രേഖപ്പെടുത്താനായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(ഉത്തരാഖണ്ഡിൽ നടന്ന ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ആയിരങ്ങളുടെ ആത്മാവിന് നിത്യശാന്തി നേരുന്നതിനായി സഭ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു.)